# പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4091 — 16.03.2017 ന് മറുപടിയ്ക്ക്

## കാട്ടാനയടക്കമുള്ള വന്യജീവികളുടെ ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ കാട്ടാനയടക്കമുള്ള വന്യജീവികളുടെ അടിക്കടിയുണ്ടാകുന്ന ആക്രമണം മൂലം വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും ആവശ്യമായ സംരക്ഷണം ഉറപ്പുവരുത്തുന്നതിനാവശ്യമായ സൗരോർജ്ജവേലികൾ സ്ഥാപിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ കാട്ടാനയടക്കമുള്ള വന്യജീവികളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി നിലവിലുണ്ടായിരുന്ന സൗരോർജ്ജ വേലികൾ അറ്റകുറ്റപ്പണികൾ നടത്തി പരിപാലിച്ചു വരുന്നു. ഈ വർഷം ടി പ്രദേശത്തെ നായാട്ടുകുണ്ട് ഭാഗത്ത് പുതിയതായി 1.5 കി.മീ ദൂരവും 2016 വർഷം കാരിക്കടവ് മുതൽ കരിക്കൊട്ടാലി വരെ 1.5 കി.മീ ദൂരവും 2016 ൽ രാമവർമ്മ തേക്ക് പ്ലാന്റേഷന ചുറ്റും 2.5 കി.മീ ദൂരവും സൗരോർജ്ജ വേലി നിർമ്മിച്ചിട്ടുണ്ട്. |
| (സി) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി മേഖലയിൽ റാപ്പിഡ് എലിഫെന്റ് ഫോഴ്സിന്റെ സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) പാലക്കാട് ജില്ലയിലെ ഒലവക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം തൃശ്ശൂർ ജില്ലയിൽ അതിരപ്പിള്ളി ഉൾപ്പെടെയുള്ള വനമേഖലകളിലും വിനിയോഗിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ